# കേരള ഹൈക്കോടതി

എ3 - 62113 / 2017

കൊച്ചി - 682031

തീയതി : 04.11.2017

## നോട്ടീസ്

വിഷയം:- കേരള ഹൈക്കോടതിയിലെ കുക്ക് തസ്തിക ദിവസ വേതന അടിസ്ഥാനത്തിൽ നികത്തുന്നത് സംബന്ധിച്ച് -

പരാമർശം:- 1. 26.02.2016-ലെ സ.ഉ.(അച്ചടി) നം.28/2016/ധന. ഉത്തരവ്.
2. 28.04.2017-ലെ സ.ഉ.(അച്ചടി) നം.56/2017/ധന. ഉത്തരവ്.

..............................

ഹൈക്കോടതിയിൽ കുക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവ് താഴെ പറയുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ നികത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

1. എട്ടാം ക്ലാസ്സ് പാസ്സായിരിക്കണം.
2. ഒരംഗീകൃത സ്ഥാപനത്തിൽ നിന്നും കുക്കറിയിലുള്ള സർട്ടിഫിക്കററ്.
3. രാത്രിയും പകലും ജോലി ചെയ്യാനുള്ള സന്നദ്ധത.
4. സാംക്രമിക രോഗങ്ങളിൽ നിന്നും മുക്തരായിരിക്കണം.

പ്രസ്തുത നിയമനം താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും:-

1. പ്രതിദിന വേതനം ₹630/-, പരമാവധി പ്രതിമാസ വേതനം ₹17,025/-.
2. പ്രസ്തുത നിയമനം, തസ്തികയിലേക്ക് പുതിയ നിയമനം നടത്തുന്ന മുറയ്ക്ക് അവസാനിപ്പിക്കുന്നതാണ്.
3. പ്രസ്തുത നിയമനം ലഭിച്ചവർക്ക് ഹൈക്കോടതിയിലെ റഗുലർ നിയമനത്തിന് ഒരു തരത്തിലുമുള്ള മുൻഗണനയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

മേൽ വിവരിച്ച വ്യവസ്ഥകൾക്കനുസൃതമായി കുക്ക് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യാൻ താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി-31 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ 10.11.2017, 4.30 p.m. -നു മുൻപായി ലഭിച്ചിരിക്കണം. അവസാന തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഉത്തരവിൻ പ്രകാരം)

ലിസമ്മ ജോസഫ് മുരിക്കൻ
അസിസ്റ്റൻറ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)

(മറുപുറം)

പകർപ്പ്

1. ഐ.ടി സെക്ഷൻ, ഹൈക്കോടതി(ഹൈക്കോടതി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
2. പി. ആർ. ഓ. സെക്ഷൻ, ഹൈക്കോടതി
3. നോട്ടീസ് ബോർഡ് .
4. ഫയൽ